കേരള സർക്കാർ

കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# നെടുമ്പന ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട് 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-കെ.എൽ.എം- പി1 – 1838/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
തീയതി : 28.12.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെടുമ്പന ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : നെടുമ്പന ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെടുമ്പന ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷങ്ങളിലെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-7, 3ലെ 3-1 ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക്

ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്(കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്(ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.

3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-കെ.എൽ.എം-പി 1 –1838/16 തീയതി : 28.12.2016

# കൊല്ലം ജില്ലയിലെ നെടുമ്പന ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

കൊല്ലം ജില്ലയിലെ നെടുമ്പന ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1/04/2015 മുതൽ 31/03/2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി.ഗീത.എം<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21/11/2016 മുതൽ 29/11/2016 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.സിന്ധു.ജി | ഓഡിറ്റ് ഓഫീസർ, (ഹയർ ഗ്രേഡ്) |
| | ശ്രീമതി. പത്മകുമാരി. എൽ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.അമ്പിളി.ജി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.ജൂഡിറ്റ് വർഗീസ്.എൻ | ഓഡിറ്റർ |

ബി) നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | | ശ്രീമതി.പ്രസന്ന രാമചന്ദ്രൻ | 01.04.16 മുതൽ 31.10.2016 വരെ. |
| | | ശ്രീ.നാസറുദ്ദീൻ | 01.11.15 മുതൽ 31.03.2016 വരെ. |
| സെക്രട്ടറി | : | ശ്രീ.വി.സുരേഷ് | 1.04.2015 മുതൽ 30.11.2015 വരെ. |
| | | ശ്രീ.വി.എസ്സ്.ലേഖ, അസിസ്റ്റൻറ് സെക്രട്ടറി (ഇൻ ചാർജ്) | 01.12.15 മുതൽ 18.12.2015 വരെ |
| | | ഷാനവാസ്.എ | 19.12.2015 മുതൽ 31.03.2016 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |

| | | | |
|---|---|---|---|
| വെറ്റിനറി സർജൻ | | ഡോ.സീന | 01.04.15 മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | | ശ്രീമതി കസ്തൂരി | 01.04.15 മുതൽ 31.03.2016 വരെ |
| വി. ഇ. ഒ | | 1)ശ്രീ.അനോയ് വി നായർ | 01.04.15 മുതൽ 31.12.2015വരെ |
| | | ശ്രീ.രതീഷ് ബാബു. എസ്സ് | 1.01.2016മുതൽ 31.03.2016വരെ |
| | | 2) ശ്രീമതി.അനിത എം വി | 1.04.2015മുതൽ 9.03.16വരെ |
| | | ശ്രീ.സുരാസു മുഹമ്മദ് എച്ച് | 10.3.2016മുതൽ 31.03.2016വരെ |
| ഐ.സി.ഡി.എസ് .സൂപ്പർവൈസർ | | ശ്രീമതി.ഇന്ദിരാകുമാരി | 01.04.15 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | | ഡോ.ഫസലുദ്ദീൻ | 01.04.15 മുതൽ 11.02.2016 വരെ. |
| | | ഡോ.സുധാദേവ് ഡി.എസ്സ് | 12.02.16 മുതൽ 31.03.2016 വരെ. |
| ഹെഡ്മാസ്റ്റർ | | ശ്രീ. വി.പ്രകാശ് | 01.03.15 മുതൽ 31.03.2016 വരെ. |
| മെഡിക്കൽ ഓഫീസർ | | ഡോ.ശാന്തകുമാർ | 01.04.15 മുതൽ |

| | | | |
|---|---|---|---|
| ഹോമിയോ | | | 31.03.2016 വരെ. |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | | ഡോ.ഡാളി എസ്സ്. | 01.04.15 മുതൽ 31.03.2016 വരെ. |
| അസിസ്റ്റന്റ് എഞ്ചിനീയർ | | ശ്രീ.മന്മദൻ പി.സി | 01.04.15 മുതൽ 31.03.2016വരെ |
| അസി സെക്രട്ടറി | | ശ്രീമതി.വി.എസ്സ് ലേഖ | 1.04./2015മുതൽ 31.03.2016വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1.1 |
| 2 | വാർഷിക ധനകാര്യ പത്രിക. | 1.2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1.3 |
| 4 | സാമ്പത്തിക വിശകലനം | 1.4 |
| 5 | ഫണ്ട് വിനിയോഗം | 1.5 |
| 6 | പദ്ധതി അവലോകനം | 1.6 |
| 7 | തനത് വരുമാനം | 1.7 |
| 8 | ക്ഷേമപദ്ധതികൾ | 1.8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1.9 |

| | | |
|---|---|---|
| 10 | ആഭ്യന്തര നിയന്ത്രണം | 1.10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1.11 |
| | ഭാഗം 2 | |
| 12 | കടമുറികൾ ഒഴിഞ്ഞുകിടക്കുന്നു | 2-1 |
| 13 | മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് – ലേലം നടപടികൾ | 2-2 |
| 14 | മുദ്ര പത്രങ്ങൾ സമർപ്പിച്ചിട്ടില്ല | 2-3 |
| 15 | സ്ഥാപന നികുതി ഈടാക്കിയില്ല | 2-4 |
| 16 | മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-5 |
| 17 | മോട്ടോർ ഫീസ് ഈടാക്കിയതിൽ കുറവ് | 2-6 |
| 18 | അനധികൃത നിർമ്മാണങ്ങളുടെ വസ്തു നികുതി സംബന്ധിച്ച് | 2-7 |
| | ഭാഗം 3 | |
| 16 | സ്മാർട്ട് ക്ലാസ് റൂം – കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കിയതുമൂലം നഷ്ടം | 3-1 |
| 17 | കമ്പ്യൂട്ടർ, യു.പി.എസ് വാങ്ങൽ-അധികം തുക ചെലവ് ചെയ്തു | 3-2 |
| 18 | സ്റ്റോർ പർച്ചേസ് നിയമങ്ങൾ പാലിക്കാതെ വാങ്ങൽ നടത്തി | 3-3 |
| 19 | ഭൂരഹിതർക്ക് ഭൂമി- സബ്സിഡി അധികം അനുവദിച്ചു | 3-4 |

| | | |
|---|---|---|
| 20 | പാരമ്പര്യമായി ഭൂമി ലഭിക്കാൻ സാദ്ധ്യതയുള്ളവർക്ക് ഭൂമി നൽകി - മാർഗ്ഗ നിർദ്ദേശത്തിന് വിരുദ്ധം | 3-5 |
| 21 | ഐ.എ.വൈ. അധിക ധനസഹായം- വിനിയോഗ വിവരമില്ല | 3-6 |
| 22 | പൈപ്പ് ലൈൻ നീട്ടൽ-വിനിയോഗ വിവരമില്ല | 3-7 |
| 23 | ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ- അപാകതകൾ | 3-8 |
| 24 | ഭൂരഹിതർക്ക് ഭൂമി- സബ്സിഡി അധികരിച്ച് നൽകി | 3-9 |
| 25 | മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി കെട്ടിട നിർമ്മാണം | 3-10 |
| 26 | മരുന്ന് യഥാസമയം ലഭ്യമാകുന്നില്ല | 3-11 |
| 27 | മരുന്ന് സ്റ്റോക്കിലെടുത്തിട്ടില്ല | 3-12 |
| 28 | പൈപ്പ് ലൈൻ നീട്ടൽ- വിനിയോഗ വിവരങ്ങൾ ലഭ്യമല്ല | 3-13 |
| 29 | ഐ.എ.വൈ പദ്ധതി- വിനിയോഗ വിവരങ്ങൾ ലഭ്യമല്ല | 3-14 |
| 30 | ഫ്രണ്ട് ഓഫീസ് സംവിധാനം സജ്ജീകരിക്കാതെ ഉപകരണങ്ങൾ വാങ്ങി. | 3-15 |
| 31 | പോസ്റ്റ് ഷിഫ്റ്റിംഗ്-വിനിയോഗ രേഖകളില്ല | 3-16 |
| 32 | ഐ.കെ.എം. വിഹിതം നൽകിയത്-രേഖകളില്ല | 3-17 |
| 33 | നല്ലില ആശുപത്രി വയറിംഗ്-വിനിയോഗ വിവരങ്ങളില്ല | 3-18 |

| | | |
|---|---|---|
| 34 | ഭിന്നശേഷിയുള്ളവർക്ക് സ്കൂട്ടർ – വിനിയോഗവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല | 319 |
| 35 | മീഡിയാശ്രീ-വിനിയോഗ വിവരങ്ങളില്ല | 3-20 |
| 36 | ഗുണഭോക്തൃസമിതി നടപ്പാക്കിയ പദ്ധതികൾ | 3-21 |
| 37 | കോൺക്രീറ്റിംഗിന് അധിക നിരക്ക് നൽകി | 3-22 |
| 38 | ടാറിംഗ് പ്രവർത്തികൾ-ബാരലിന്റെ വില ഈടാക്കിയിട്ടില്ല | 3-23 |
| | ഭാഗം 4 | |
| 39 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4.1 |
| 40 | ഡെപ്പോസിറ്റ് വർക്കിന് ൽകിയ തുകയുടെ വിവരങ്ങൾ | 4.2 |
| 41 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4.3 |
| 42 | വായ്പ/വായ്പ തിരിച്ചടവ് | 4.4 |
| 43 | സ്ഥിരനിക്ഷേപങ്ങൾ | 4.5 |
| 44 | ഓഡിറ്റ് റിക്കവറി | 4.6 |
| 45 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4.7 |
| 46 | ഓഡിറ്റ് പ്രത്യവലോകനം | 4.8 |
| 47 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4.9 |
| 48 | ഓഡിറ്റ് സാക്ഷ്യപത്രം | 4.1 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജററ് 04-03-16 തീയതിയിലെ 5(31) തീരുമാനം പ്രകാരം അംഗീകരിച്ചു. ബഡ്ജററ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യ പത്രിക അക്രൂവൽ അടിസ്ഥാനത്തിലും ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ അവ തമ്മിൽ താരതമ്യം ചെയ്യാൻ കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര് യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2016 | 28/07/2016 | ഇല്ല | - |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| 2015-16 | 21-11-2016 | സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിനോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

വാർഷിക കണക്ക് - അപാകതകൾ

1.മുൻ വർഷത്തേതുൾപ്പെടെയുള്ള ആസ്തിയുടെ മൂല്യം തിട്ടപ്പെടുത്തി ഉൾപ്പെടുത്തിയിട്ടില്ല.

2.ബജറ്റ് ഫങ്ഷൻ-ഫങ്ഷനറി അടിസ്ഥാനത്തിലല്ല തയ്യാറാക്കിയിട്ടുള്ളത് എന്നതിനാൽ സാംഖ്യ അക്കൗണ്ട്സുമായി തുലനം ചെയ്യാൻ കഴിഞ്ഞിട്ടില്ല.

3.സംയോജിത പ്രോജക്ടുകൾക്ക് മറ്റ് തദ്ദേശ സ്ഥാപനങ്ങൾ ഫണ്ട് ലഭ്യമാക്കിയത് ഡി.ഡി. മുഖേനയാണ്. ആയതിനാൽ വിനിയാഗത്തിന്റെ കണക്കുകൾ സുലേഖയിൽ ഉൾപ്പെട്ടിട്ടില്ല.

5.സെക്രട്ടറി ഒഴികെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ടുകളിൽ നിന്ന്

ഈടാക്കുന്ന വാറ്റ്, ആദായനികുതി, ക്ഷേമനിധി വിഹിതം ഇവ വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.

6.വസ് തുനികുതി - ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് കണക്കുകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

7.മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് - പിരിച്ചെടുക്കാൻ ശേഷിക്കുന്ന തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 39064300.00 |
| വരവ് | 73867959.00 |
| ആകെ | 112932259.00 |
| ചെലവ് | 91040457.00 |
| നീക്കിയിരിപ്പ് | 21891802.00 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1718483 | 22313594 | 24032077 | 24032077 | 0 | 98.09 |
| വികസനഫണ്ട് എസ്.സി.പി. | 2329709 | 9686455 | 12016164 | 12016164 | 0 | 94.68 |
| വികസനഫണ്ട് ടി.എസ്.പി. | - | 7000 | 7000 | 7000 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 1980553 | 5225790 | 7206343 | 7206343 | 0 | 80.8 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 682699 | 2169159 | 2851858 | 2851858 | 0 | 70.44 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4712412 | 14838461 | 19550873 | 19550873 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 7776929 | 6741609 | 14518538 | 14518538 | 0 | 92 |
| എം.എൻ.ആർ. ഇ.ജി.എസ്. | 1208 | 8651617 | 8652825 | 8645400 | 7425 | |

| | | | | | | |
|---|---|---|---|---|---|---|
| ബി ഫണ്ട് | | 47447063 | 47447063 | 47447063 | | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 142 | 90059805 | 117 | 72355102 | 20 | 5 | 8 |

5 പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 22 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4298943 | 4413596 | (+)114653 | +3% |
| നികുതിയേതര വരവുകൾ | 994619 | 1231101 | (+)236482 | +24% |
| മറ്റുവരവുകൾ | 11413915 | 14759174 | (+)3345259 | +29% |
| ആകെ | 16707477 | 20403871 | 3696394 | +22% |

## 1-8 ക്ഷേമപദ്ധതികൾ

തൻ വർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 635640 | 454 |
| കർഷക തൊഴിലാളി പെൻഷൻ | 3939240 | 496 |
| വിധവാ പെൻഷൻ | 24310560 | 2183 |
| വാർദ്ധക്യകാല പെൻഷൻ | 9208500 | 1096 |
| വികലാംഗ പെൻഷൻ | 8165395 | 733 |
| 50 വയസ്സ് കഴിഞ്ഞവർക്കുള്ള | 349760 | 34 |

| | | |
|---|---|---|
| അവിവാഹിത പെൻഷൻ | | |
| വിവാഹ ധനസഹായം | 690000 | 23 |

## 1-9 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21/11/2016 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 333356/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

രജിസ്റ്ററുകളും രേഖകളും കൃത്യമായി സൂക്ഷിക്കുന്നുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ ആസ്തികളുടെ വിവരം രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ കാലികമാക്കി വരുന്നില്ല. നികുതി പിരിവ് ഉർജ്ജിതമാക്കാനുള്ള ശ്രമങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും മാർക്കറ്റ് ഗേറ്റ് ഫീസ് വരവ് പിരിച്ചെടുക്കാൻ വേണ്ട നടപടികൾ കാര്യക്ഷമമാക്കിയിട്ടില്ല. സിഎച്ച്സി, പി.എച്ച്.സി എന്നിവയിൽ മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നില്ല. വൗച്ചറുകളോടൊപ്പം വിനിയോഗ സാക്ഷ്യപത്രം, കൈപ്പറ്റ് രസീത് എന്നിവ സൂക്ഷിക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18/11/2016 | 10/16 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06-11-2012 -21/11/2012 | 2007-08മുതൽ 2011-12വരെ | LBA(HQ)VI/8A-1906/192dtd 30-0-201 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കടമുറികൾ ഒഴിഞ്ഞുകിടക്കുന്നു

നെടുമ്പന പഞ്ചായത്തിലെ കടമുറികളുടെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ താഴെ

പറയുന്ന പുതിയ കടമുറികൾ ഒഴിഞ്ഞു കിടക്കുന്നതായി കണ്ടു.

| | |
|---|---|
| 1 | കടമുറിനം-5 |
| 2 | കടമുറിനം-8 |
| 3 | കടമുറിനം-9 |
| 4 | കടമുറിനം-10 |
| 5 | കടമുറിനം-11 |

മേൽ കടമുറികൾ ഒഴിഞ്ഞു കിടക്കുന്നതിന്റെയും വാടകയ്ക്ക് നൽകാത്തതിന്റെയും വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറിനം-5/22/11/16)ന് 5-ാംനമ്പർ കടമുറി വാടക രഹിതമായി നീതി മെഡിക്കൽ സ്റ്റോറിന് നൽകിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ട്. ബാക്കി കടമുറികൾ എല്ലാ വർഷവും ലേലം ചെയ്യുന്നുവെങ്കിലും ആരും ലേലം കൊള്ളാൻ തയ്യാറാകുന്നില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയത്. കടമുറികൾ വാടകയ്ക്ക് നൽകാനുള്ള ഊർജ്ജിത നടപടികൾ ഉണ്ടാകേണ്ടതാണ്.

## 2-2 മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ്-ലേലം നടപടികൾ

നെടുമ്പന പഞ്ചായത്തിൽ 2015-16 വർഷം മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് 23-03-15-ൽ നൗഷാദ് നവാസ് എന്നയാൾ 1,00,000/-രൂപക്ക് ലേലം കൊണ്ടിട്ടുണ്ട്. 10-04-15-ൽ 50,000/-രൂപ അടവാക്കി. 10-04-15-ലെ എഗ്രിമെന്റ് പ്രകാരം ബാക്കി 50,000/-രൂപ 60 ദിവസത്തിനുള്ളിൽ അടവാക്കണമെന്നും അല്ലെങ്കിൽ ടി തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടി പുനർലേലം നടത്തുമെന്നും സൂചിപ്പിച്ചിട്ടുണ്ട്. ആയതുപ്രകാരം 27-7-15ലാണ് പുനർലേലം നടത്തിയത്. ലേലം കൂട്ടി വിളിക്കാൻ ആളില്ലാത്തതിനാൽ 10-8-15-ൽ പുനർലേലം നടത്തിയെങ്കിലും ആരും പങ്കെടുത്തില്ല. 15-09-15-ൽ ഗേറ്റ് ഫീസ് പിരിവ് ടെണ്ടർ ചെയ്യുന്നതിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് കത്തെഴുതിയതിന് പഞ്ചായത്ത് ഭരണ സമിതി, താത്കാലികമായി ലേലം ഉറപ്പിച്ച് സർക്കാരിന്റെ അംഗീകാരം വാങ്ങാൻ അനുമതി നൽകി. എന്നാൽ മേൽ സാമ്പത്തിക വർഷം ഈ ഇനത്തിൽ പിന്നീട് വരവ് വന്നിട്ടില്ല. ഫീസ് പിരിക്കാൻ പകരം സംവിധാനം ഏർപ്പെടുത്തിയതിന്റെ വിശദാംശം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറിനം-2/23/11/2016) പുനർലേലം നടത്തിയത് പരാജയപ്പെട്ടുവെന്നും തെരഞ്ഞെടുപ്പ് ചട്ടം നിലവിൽ വന്നതിനാൽ നടപടികൾ തടസ്സപ്പെടുകയും ചെയ്തുവെന്നാണ് മറുപടി നൽകിയത്. താത്കാലിക ലേലം ഉറപ്പിച്ച് നൽകാതിരുന്നതിനുള്ള കാരണം വിശദീകരിക്കേണ്ടതാണ്.

## 2-3 മുദ്രപത്രങ്ങൾ സമർപ്പിച്ചിട്ടില്ല

2015-16 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന കടമുറികൾ വാടകക്ക് എടുത്ത കരാറുകാർ ഉയർന്ന നിരക്കിലുള്ള മുദ്രപത്രങ്ങൾ സമർപ്പിച്ചിട്ടില്ല. വിശദവിവരങ്ങൾ

ചുവടെചേർക്കുന്നു.

| ക്രമനം. | വാടകക്കാരൻെറ പേര് | കടമുറി നം | വാടക |
|---|---|---|---|
| 1 | മുരളീധരൻ | 1(പുതിയത്) | 492 |
| 2 | ഉദയൻ | 2(പുതിയത്) | 466 |
| 3 | എൻ.സന്തോഷ് | 12(പുതിയത്) | 1320 |

നെടുമ്പന പഞ്ചായത്ത് സെക്രട്ടറിയുടെ 18-5-15ലെ എ6-1291/14നം. കത്തിൽ സർക്കാരിന്റെ 22/4/15ലെ 66/2015/ടി.ഡി.നം ഉത്തരവിനാൽ 1/5/15 മുതൽ എല്ലാ കരാറുകളുടെയും മുദ്രപത്രവില 500/-രൂപയായി ഉയർത്തിയിട്ടുണ്ടെന്നും, ടിസാഹചര്യത്തിൽ നിലവിൽ 100/-രൂപക്കുള്ള കരാർപത്രം സമർപ്പിച്ചിട്ടുള്ളവർ ബാക്കി തുകക്കുള്ള മുദ്രപത്രം സമർപ്പിക്കേണ്ടതാണെന്നും കാണിച്ച് വാടകക്കാർക്ക് കത്ത് നൽകിയിട്ടുണ്ട്. ടി വിഷയത്തിൻ മേൽ സ്വീകരിച്ച നടപടികളെക്കുറിച്ച് വിവരം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ എൻക്വയറിനം-6/24/11/2016 ന് മറുപടി നൽകിയിട്ടില്ല. തുടർ നടപടികൾ സംബന്ധിച്ച വിവരം ലഭ്യമാക്കേണ്ടതും കുറഞ്ഞ വിലയ്ക്കുള്ള മുദ്രപത്രം വാങ്ങിയ ഇനത്തിൽ സംസ്ഥാന സർക്കാരിനുണ്ടായ നഷ്ടം നികത്തേണ്ടതുമാണ്.

## 2-4 സ്ഥാപന നികുതി ഈടാക്കിയില്ല

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന പോപ്പുലർ ഫൈനാൻസിയേഴ്സ് എന്ന സ്ഥാപനത്തിൽ നിന്ന് 2015-16ലെ രണ്ട് അർദ്ധ വർഷങ്ങളിലും സ്ഥാപന നികുതി ഈടാക്കിയിട്ടില്ല. സ്ഥാപന നികുതി ഈടാക്കാത്തതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ എൻക്വയറിക്ക്(എൻക്വയറിനം-14/ 26/11/2016) മറുപടി ലഭ്യമാക്കിയിട്ടില്ല. സ്ഥാപന നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-5 മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റില്ലാതെ യന്ത്ര വൽകൃത വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

2015-16 ലൈസൻസിനായി സമർപ്പിച്ച അപേക്ഷയോടൊപ്പം കാലാവധി പൂർത്തീകരിച്ച സർട്ടിഫിക്കറ്റും മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടില്ല. ഇവ ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വ്യക്തിയുടെ പേര് | വ്യവസായം |
|---|---|---|
| 1 | എം.സീനത്ത്, പുത്തൻപെരയിൽ ഇൻഡസ്ട്രീസ്, നെടുമ്പന | ഇൻഡസ്ട്രീസ് |

| | | |
|---|---|---|
| 2 | മത്തായി, ബിൻസിവില്ല, മീയണ്ണൂർ | റൈസ് മിൽ |
| 3 | പ്രദീപ്കുമാർ, പന്നപ്ലാവിലവീട്, അയത്തിൽവീട് | ഫർണീച്ചർ കട |

മേൽ സ്ഥാപനങ്ങളിൽ നിന്ന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിക്കറ്റ് ഹാജരാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 മോട്ടോർഫീസ് ഈടാക്കിയതിൽ കുറവ്

2015-16-ലെ ഡി&ഒ ലൈസൻസ് പരിശോധിച്ചതിൽ താഴെ പറയുന്ന വ്യക്തികളിൽ നിന്ന് മോട്ടോർ ഫീസ് ഈടാക്കിയതിൽ കുറവ് സംഭവിച്ചതായി കാണുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വ്യക്തിയുടെ പേര് | വാർഡ്നം./ കെട്ടിട നം. | വ്യവസായം/ ഉപയോഗിച്ച യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കിയ നികുതി | ഈടാക്കേണ്ടി-യിരുന്ന നികുതി | കുറവ് |
|---|---|---|---|---|---|---|
| 1 | ജി.മത്തായി | 23/409 | കാഷ്യൂപാക്കിങ്/ 1എച്ച്.പി | ഇല്ല | 50 | 50 |
| 2 | നൗഷാദ് | 23/376 | നിർമ്മാണവും ബേക്കറി സാധനങ്ങൾ വിൽപ്പനയും /1എച്ച്.പി | ഇല്ല | 50 | 50 |
| 3 | ഷംജാദ് | 11/782 | ആക്രി സാധനങ്ങൾ സംഭരിച്ച് വിൽപ്പന/ 3 എച്ച്.പി | ഇല്ല | 50 | 50 |
| 4 | ജാസ്മിൻ | 14/109 | പേപ്പർ ബാഗ് | ഇല്ല | 50 | 50 |

| | | | | | | |
|---|---|---|---|---|---|---|
| | | | നിർമാണം/<br>3 എച്ച്.പി | | | |
| 5 | നാസിം | 13/922 | ഫിദ കാഷ്യൂ ഫാക്ടറി<br>(38എച്ച്.പി) | 200 | 400 | 200 |
| 6 | സുശീലൻ | 5/408 | കാർപ്പെന്ററി വർക്സ് | ഇല്ല | 50 | 50 |
| 7 | മുനിറുദ്ദീൻ | 14/909 | കാഷ്യൂ ഫാക്ടറി | 200 | 400 | 200 |
| 8 | അബ്ദുൾ റഹ്മാൻകുഞ്ഞ് | | ചാങ്ങയിൽ<br>ഹോളോ ബ്രിക്സ് | ഇല്ല | 100 | 100 |
| 9 | എം.സീനത്ത് | | പുത്തൻപുരയിൽ<br>ഇൻഡസ്ട്രീസ്/<br>120എച്ച്.പി | 1000 | 2000 | 1000 |
| 10 | ജ്യോതിധരൻ പിള്ള | 18/737 | കാഷ്യൂ തരം<br>തിരിക്കൽ | ഇല്ല | 50 | 50 |
| 11 | ജമീലാബീവി | | ഹോളോബ്രിക്സ്/<br>12എച്ച്.പി | 100 | 200 | 100 |
| 12 | സന്തോഷ്<br>കുമാർ | 20/715 | കാഷ്യൂ പ്രോസസ്സിങ്/<br>25എച്ച്.പി | 100 | 300 | 200 |
| 13 | ലതഹെൻട്രി | | ഹെൻട്രീസ് ഫാം/<br>2എച്ച്.പി | ഇല്ല | 50 | 50 |
| 14 | രാജീവൻനായർ | | ലക്ഷ്മി ഗ്രാനൈറ്റ് &<br>മെറ്റൽ/<br>55 എച്ച്.പി | 500 | 1000 | 500 |

ആകെ നഷ്ടം വന്ന 2650/-രൂപ വ്യക്തികളിൽ നിന്ന് ഈടാക്കി തനതു ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

## 2-7 അനധികൃത നിർമ്മാണങ്ങളുടെ വസ്തു നികുതി ഈടാക്കാത്തത് സംബന്ധിച്ച്.

കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 235AA(1) പ്രകാരം ഏതെങ്കിലും ആൾ ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർ നിർമ്മിക്കുകയോ അത് 203(2) വകുപ്പ് പ്രകാരമുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ചു മാറ്റുന്ന തീയതി വരെ, പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തു നികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക അനധികൃത കെട്ടിടത്തിന്റെ വസ്തു നികുതിയായി നല്കാൻ അയാൾ ബാദ്ധ്യസ്ഥനായിരിക്കുമെന്ന് വ്യക്തമാക്കുന്നുണ്ട്. 235AA(3)ൽ നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് വസ്തുവിന്റെ സർവ്വേ നം., വസ്തു ഉടമയുടെ പേര് വിവരങ്ങൾ, കെട്ടിടത്തിന് നല്കപ്പെട്ട പ്രത്യേക നംപർ( U.A.no., വർഷം സഹിതം) നല്കി കെട്ടിടത്തിന് ചുമത്തിയതും ഈടാക്കിയതുമായ വസ്തു നികുതി വിവരങ്ങൾ വാർഡുകൾ തിരിച്ച് സെക്രട്ടറി പരിപാലിച്ച് പോരേണ്ടതാണെന്നും, ഈ നംപർ 235AA പ്രകാരമുള്ള വസ്തു നികുതി നിർണ്ണയിക്കുന്നതിന് വേണ്ടി മാത്രമാണെന്നും മറ്റൊരാവശ്യങ്ങൾക്കും ഗ്രാമ പഞ്ചായത്തോ കെട്ടിട ഉടമയോ പ്രസ്തുത നംപർ ഉപയോഗിക്കാൻ പാടില്ല എന്നും ഇപ്രകാരം നംപർ നല്കുന്നത് മൂലം അനധികൃത കെട്ടിടം ക്രമവൽക്കരിക്കപ്പെട്ടതായി കണക്കാക്കാൻ പാടില്ല എന്നും വ്യക്തമാക്കുന്നുണ്ട്. കൂടാതെ പ്രസ്തുത കെട്ടിടം പൊളിച്ചു മാറ്റുന്നത് വരെ നികുതി നല്കാൻ ബാദ്ധ്യസ്ഥനായിരിക്കുമെന്ന് ഡിമാന്റ് നോട്ടീൽ രേഖപ്പെടുത്തി തന്നെ നികുതി ഈടാക്കണമെന്നും വ്യക്തമാക്കുന്നുണ്ട്. പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 232 പ്രകാരം സെക്രട്ടറി നല്കുന്ന ലൈസൻസില്ലാതെയും സെക്രട്ടറിയുടെ അനുമതിയില്ലാതെയും യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ല എന്നും വ്യക്തമാക്കുന്നുണ്ട്. എന്നാൽ നെടുമ്പന ഗ്രാമ പഞ്ചായത്തിൽ അനധികൃത കെട്ടിടങ്ങൾക്ക് വർഷം തിരിച്ച് നമ്പർ നല്കുകയോ വസ്തു നികുതി ഈടാക്കുകയോ ഇത് സംബന്ധിച്ച രേഖകൾ സൂക്ഷിക്കുകയോ ചെയ്യുന്നില്ല. അനധികൃത കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിനായുള്ള അപേക്ഷാ രജിസ്റ്ററിൽ 14 കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവയ്യൊന്നും തന്നെ വസ്തു നികുതി ഈടാക്കുന്നില്ല. 2012-2013, 2013-2014 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2.4.1-ൽ ചൂണ്ടിക്കാട്ടിയിട്ടും ഇതു വരെ നടപടി സ്വീകരിക്കാത്ത കെട്ടിടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | വിസ്തീർണ്ണം | വസ്തു നികുതി | അനധികൃത നിർമ്മാണത്തിനുള്ള നികുതി |
|---|---|---|---|---|
| 1 | അസീസിയ മെഡിക്കൽ | 14832 | 44495 | 133485 |

| | | | | |
|---|---|---|---|---|
| | കോളേജ് | | | |
| 2 | ജെന്റ്സ് ഹോസ്റ്റൽ | 3017 | 9051 | 27153 |
| 3 | ലേഡീസ് ഹോസ്റ്റൽ | 4899 | 14697 | 44091 |
| 4 | സ്റ്റാഫ് ക്വാർട്ടേഴ്സ്,കാന്റീൻ | 3033 | 9099 | 27297 |
| 5 | മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ ബ്ലോക്ക് | 16644 | 49933 | 149799 |
| 6 | ഡെന്റൽ കോളേജ് | 6956 | 20868 | 62604 |
| 7 | ഡെന്റൽ സയൻസ് & വുമൺസ് ഹോസ്റ്റൽ | 2841 | 8523 | 25569 |
| 8 | നഴ്സിംഗ് കോളേജ് & ഹോസ്റ്റൽ | 1776 | 5328 | 15984 |
| 9 | യൂനസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി. | 8279 | 24837 | 74511 |
| | | | | 560493 |

മേൽ കെട്ടിടങ്ങൾ 2007-ന് മുമ്പ് തന്നെ പണി പൂർത്തീകരിച്ച് പ്രവർത്തിച്ച് വരുന്നതായി മേൽ സ്ഥാപനത്തിൽ നിന്നും നല്കിയ കത്തിൽ പറയുന്നുണ്ട്. വസ്തു നികുതി ചട്ടങ്ങൾ പ്രകാരം കെട്ടിടം അനധികൃതമായ വർഷം മുതൽ കെട്ടിടം പൊളിച്ചു മാറ്റുകയോ ക്രമവൽക്കരിക്കാവുന്നതാണെങ്കിൽ ക്രമവൽക്കരിക്കുകയോ ചെയ്യുന്നതു വരെ U.A നംപർ നല്കി നികുതി ഈടാക്കണമെന്ന നിയമം പാലിക്കാത്തതു മൂലം മേൽ കെട്ടിടങ്ങളുടെ നികുതിയിനത്തിൽ മാത്രം 560493/- രൂപ ഗ്രാമപഞ്ചായത്തിന് പ്രതി വർഷം നഷ്ടം വന്നു കൊണ്ടിരിക്കുന്നു.

## ഭാഗം-3

## <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

### 3-1 <u>സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മാണം-കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കി - 116624 രൂപ</u>

പ്രോജക്ട് നം എസ്. 004/16

വികസന ഫണ്ട് – 1200000രൂപ

ചെലവഴിച്ച തുക - 1200000 രൂപ(ബിൽ നം.1/5-10-15 )

മുട്ടയ്ക്കാവ്, നെടുമ്പന, പള്ളിമൺ, മീയണ്ണൂർ എൽ.പി. സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മിക്കുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തെ സ്വീകരിക്കാതിരുന്നത് മൂലം ഉണ്ടായ അപാകതകൾ ചുവടെ ചേർക്കുന്നു.

ടെണ്ടർ സമർപ്പിച്ച ഓരോ സ്ഥാപനവും ക്വാട്ട് ചെയ്ത തുകകൾ

| സ്ഥാപനത്തിന്റെ പേര് | ക്വാട്ട് ചെയ്ത തുക | ഒരെണ്ണത്തിന്റെ ചെലവ് |
|---|---|---|
| SIDCO Sales Emporium | 12,00,000 (for 4) | 300000 |
| Zoltus solution, Karikode | 270844 (for one ) | 270844 |
| NobbleTraders,Mundakkal, Kollam | 8194845 (for 4) | 2048711 |

സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മാണത്തിന് ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്തത് Zoltus solution, Karikode എന്ന സ്ഥാപനമായിരുന്നു. മേൽ സ്ഥാപനം സ്പെസിഫിക്കേഷനും വാറന്റി സംബന്ധിച്ച വിവരവും ഇനം തിരിച്ച് പറഞ്ഞിരുന്നെങ്കിലും ഒരു ക്ലാസ്സ് റൂം നിർമ്മിക്കുന്നതിനുള്ള തുകയാണ് രേഖപ്പെടുത്തിയിരുന്നത്. ഇക്കാരണത്താൽ മേൽ സ്ഥാപനത്തിന്റെ ടെണ്ടർ നിരസിച്ചും, കുറഞ്ഞ തുക ക്വാട്ട് ചെയ്ത രണ്ടാമത്തെ സ്ഥാപനമായ സിഡ്കോ സെയിൽസ് എംപോറിയത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ചും പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തതിനെ തുടർന്ന്(31-7-15ലെ 1-ാം നം. തീരുമാനം) ക്ലാസ്സ് റൂം നിർമ്മാണം സിഡ്കോ മുഖേന നടപ്പിലാക്കുകയും 1200000/- രൂപ സിഡ്കോയ്ക്ക് നല്കുകയും ചെയ്തതിട്ടുണ്ട്(ബിൽ നം. 1/5-10-15 -1200000/-രൂപ). എന്നാൽ സിഡ്കോയുടെയും Zoltus solution-ന്റെയും ടെണ്ടറുകൾ താരതമ്യം ചെയ്തതിൽ സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മാണത്തിന് വേണ്ട വിവിധ ഇനങ്ങൾക്ക് രണ്ട് സ്ഥാപനങ്ങളുടെയും സ്പെസിഫിക്കേഷനുകൾ ഒന്നു തന്നെയാണെന്നും കൂടുതൽ കാലത്തേക്കുള്ള വാറന്റി ഓഫർ ചെയ്തതിരിക്കുന്നതും (സിഡ്കോ ഒരു വർഷം, Zoltus solution രണ്ട് വർഷം) ചില ഇനങ്ങൾ കൂടുതലായി ഓഫർ ചെയ്തിരിക്കുന്നതും Zoltus solution ആണെന്ന് കണ്ടു.

[1.Chair with writing pad – SIDCO-120, Zoltus solution- 160(40x4),

2. PVC ceiling work - SIDCO-1250sqft, Zoltus solution-1400sqft(350x4)]

Zoltus solutionന്റെ ടെണ്ടർ സ്വീകരിച്ചിരുന്നെങ്കിൽ നാല് സ്കൂളുകൾക്കും സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മിക്കുന്നതിനായി 1083376/-രൂപ മാത്രം ചെലവഴിക്കാമായിരുന്നു. എന്നാൽ ആവശ്യമായ പരിശോധനകൾ കൂടാതെ മേൽ സ്ഥാപനത്തെ ഒഴിവാക്കിയതുമൂലം 116624/- രൂപ അധിക ചെലവുണ്ടായി. അധികമായി ചെലവഴിച്ച തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ടെൻഡർ സ്വീകരിക്കിന്നതിന് രുമാനമെടുത്ത പഞ്ചായത്ത് കമ്മിറ്റി അംഗങ്ങളിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

**3-2** <u>സ്കൂളുകൾക്ക് കമ്പ്യൂട്ടറും യു.പി.എസും വാങ്ങൽ-പ്രോക്യുവർമെന്റ് ഉത്തരവ് പ്രകാരമുള്ള നിരക്കിനെ അധികരിച്ച് വാങ്ങൽ നടത്തി.</u>

പ്രോജക്ട് നം.S0179/16

മെയിന്റനൻസ് ഗ്രാന്റ്(N.R)- 250000/- രൂപ

ചെലവഴിച്ച തുക - 248900/-രൂപ (ബിൽ നം.8/23-3-16 )

മേൽ പ്രോജക്ട് പ്രകാരം കെൽട്രോണിൽ നിന്നും സ്കൂളുകൾക്കുള്ള കമ്പ്യൂട്ടറുകൾ വാങ്ങിയിരിക്കുന്നത് 31000/-രൂപ നിരക്കിലാണ്. നിലവിലുള്ള ഉത്തരവ് പ്രകാരം സ്കൂളുകൾക്ക് ആവശ്യമായ സ്പെസിഫിക്കേഷനോടു കൂടിയ കമ്പ്യൂട്ടറിന് പരമാവധി അനുവദിക്കാവുന്ന വില 24100/-രൂപയാണ്(order no.NEP3/62736/2012/D.P.I/5.12.14). കെൽട്രോണിൽ നിന്നും 7 കമ്പ്യൂട്ടർ വാങ്ങിയ ഇനത്തിൽ 48300/-രൂപ അധികം ചെലവ് ചെയ്തു. ഇത് സംബന്ധിച്ച് നൽകിയ ഓഡിററ് എൻക്വയറി നം. 8/25.11.16ന് മേൽ ഉത്തരവിനെക്കുറിച്ച് അറിവില്ലായിരുന്നു എന്നാണ് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നൽകിയിരിക്കുന്നത്. അധികമായി ചെലവഴിച്ച തുക ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 സ്റ്റോർ പർച്ചേസ് നിയമങ്ങൾ പാലിക്കാതെ വാങ്ങൽ നടത്തിയത്.

കേരള സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം( ഖ.7.8 to 7.10) ഒരു ലക്ഷം മുതൽ പത്ത് ലക്ഷത്തിന് താഴെ എസ്റ്റിമേറ്റ് വരുന്ന വാങ്ങലുകൾക്ക് ലിമിറ്റഡ് ടെൻഡർ ഉപയോഗപ്പെടുത്താവുന്നതാണെന്നും ബിഡ്ഡിംഗ് ഡോക്യുമെന്റ് രജിസ്റ്റർ ചെയ്തിട്ടുള്ള സപ്ലൈയർമാർക്ക് സൗജന്യമായി അയച്ചു കൊടുക്കണമെന്നും മൂന്നിലധികം സപ്ലൈയർമാരുടെ പങ്കാളിത്തം ഉറപ്പാക്കണമെന്നും വെബ്സൈറ്റ് പരസ്യം നല്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ചുവടെ ചേർക്കുന്നവയിൽ മേൽ നിയമങ്ങൾ പാലിക്കാതെ വാങ്ങൽ നടത്തിയതായി കണ്ടു. മൂന്നിലധികം സപ്ലൈയർമാരുടെ പങ്കാളിത്തം ഉറപ്പാക്കാതെ വാങ്ങൽ നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

| ക്രമ നം | പദ്ധതി | തുക |
|---|---|---|
| 1 | പട്ടികജാതി കുട്ടികൾക്ക് മേശയും കസേരയും നൽകൽ(s071/16) | 600000 |
| 2 | സ്കൂളുകൾക്ക് പാത്രങ്ങളും മറ്റും വാങ്ങൽ(s075) | 300000 |
| 3 | സ്കൂളുകൾക്ക് മൈക്ക്സെറ്റ് സ്പോർട്സ് ഉപകരണങ്ങൾ(s081) | 200000 |
| 4 | സ്കൂളുകൾക്ക് കമ്പ്യൂട്ടറും യു.പി.എസും (s179) | 248900 |

## 3-4 ഭൂമി വാങ്ങൽ പദ്ധതി -അപാകതകൾ.

പ്രോജക്റ്റ് നം എസ്. 11/16

വികസന ഫണ്ട്(എസ്.സി.പി)-450000/- രൂപ

ചെലവഴിച്ച തുക(എസ്.സി.പി)- 450000/- രൂപ

പ്രോജക്റ്റ് നം എസ്. 165/16

പദ്ധതി വിഹിതം

വികസന ഫണ്ട്-18,00,000/- രൂപ

ചെലവഴിച്ച തുക- 18,00,000/- രൂപ

മേൽ പദ്ധതികൾ പ്രകാരം 15 ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങുന്നതിന് ആനുകൂല്യം നല്കിയിട്ടുണ്ട്. നിലവിലുള്ള സബ്സിഡി മാർഗ്ഗ രേഖ പ്രകാരം സബ്സിഡി തുകയുടെ പരിധിയിൽ കവിയാതെ അനുവദനീയമായ മിനിമം വിസ്തൃതിയിൽ കൂടുതൽ സ്ഥലം വാങ്ങിച്ചാൽ മിനിമം സ്ഥലത്തിനുള്ള വിലയിൽ സബ്സിഡി തുക നിജപ്പെടുത്തണമെന്നാണ്. എന്നാൽ ആനുകൂല്യം ലഭിച്ചവരുടെ അപേക്ഷകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്കളുടെ കീര്യത്തിൽ മേൽ നിർദ്ദേശം പാലിച്ചിട്ടില്ല.

| ക്രമ നം | പേര് | നല്കേണ്ട മിനിമം വിസ്തൃതി | നല്കിയത് | നല്കേണ്ടിയിരുന്ന സബ്സിഡി | നല്കിയത് | അധികം |
|---|---|---|---|---|---|---|
| 1 | സിന്ധു (W/o.സേതു), ചരുവിള വീട്, പള്ളിമൺ. | 1.21Are (3സെന്റ്) | 1.62Are (4സെന്റ്) | 112500 | 150000 (ബിൽ നം37/23-3-16) | 37500 |
| 2 | മിനി, (W/oഅഭിലാഷ്), റോഡുവിളവീട്, പള്ളിമൺ. | 1.21Are (3സെന്റ്) | 1.62Are (4സെന്റ്) | 112500 | 150000 (ബിൽ നം26/-18-2-16). | 37500 |

| | | | | | | |
|---|---|---|---|---|---|---|
| | | | ആകെ | | | 75000 |

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിററ് എൻക്വയറിക്ക്(4/26.11.16) ടി ഗുണഭോക്താക്കൾ അധികമായി വാങ്ങിയ വസ്തുവിൻെറ വില അവരുടെ കയ്യിൽ നിന്ന് നൽകിയതാണെന്നും പ്രമാണം രജിസ്ററർ ചെയ്തപ്പോഴുണ്ടായ പിശകാണെന്നും മറുപടി ലഭ്യമാക്കി. എന്നാൽ മേൽ മറുപടി വസ്തുതാപരമല്ലാത്തതിനാൽ മാർഗ്ഗനിർദ്ദേശങ്ങൾക്ക വിരുദ്ധമായി ചെലവഴിച്ച തുക മേൽ വ്യക്തികളിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക വരുത്തേണ്ടതാണ്.

## 3-5 <u>പാരമ്പര്യമായി ഭൂമി ലഭിക്കാൻ സാധ്യതയുള്ളവർക്ക് ഭൂമി വാങ്ങുന്നതിന് ആനുകൂല്യം നൽകി.</u>

വീട് നിർമ്മിക്കുന്നതിനുള്ള മിനിമം സ്ഥലം(ഗ്രാമ പ്രദേശങ്ങളിൽ 3 സെന്റ്) പരമ്പരാഗത കുടുംബ സ്വത്തിൽ നിന്നോ അച്ഛൻ, അമ്മ എന്നിവരിൽ നിന്നോ ലഭിക്കാൻ സാധ്യതയില്ലാത്തവർക്കാണ് പദ്ധതി പ്രകാരം ആനുകൂല്യം നല്കേണ്ടത്. എന്നാൽ ആനുകൂല്യം ലഭിച്ചവരുടെ അപേക്ഷകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് മേൽ നിർദ്ദേശം പാലിച്ചിട്ടില്ലെന്ന് കണ്ടു.

| ക്രമ നം | പേര് | വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രപ്രകാരം കുടുംബസ്വത്തിന്റെ വിവരം |
|---|---|---|
| 1 | സുധർമ്മിണി, ചരുവിള വീട്, പള്ളിമൺ(റേഷൻ കാർഡിന്റെ പകർപ്പ് ഹാജരാക്കിയിട്ടില്ല) | മാതാവിന്റെ പേരിൽ (കമലമ്മ, ചരുവിളവീട്, പള്ളിമൺ) 6.07 are(15 സെന്റ്) ഭൂമിയുള്ള തായി പള്ളിമൺ വില്ലേജ് ഓഫീസർ 15-7-15 -ൽ സാക്ഷ്യപ്പെടുത്തി യിരിക്കുന്നു (സാക്ഷ്യ -പത്രം നം.1824/15). |
